"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി 2019 - 20 - തിരുവനന്തപുരം, ജില്ല - കോവളം നിയോജമണ്ഡലം - **പൂവ്വാർ ഗ്രാമപഞ്ചായത്ത് - അരുമാനൂർ M.V.H.S.S. പഴയാറ്റിൻ കര റോഡ്- (30 ലക്ഷം)** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.2698/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:- 1) 03.04.2023-ലെ സ.ഉ.(സാധാ.)നം.2855/2023/ധന.

2) 04.06.2025-ലെ സ.ഉ.(സാധാ.)നം.4964/2025/ധന.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.10.2025-ലെ LSGD/PD/31498/2025-EW1-നമ്പർ കത്ത്.

ഉത്തരവ്

2019-20 ലെ സാമ്പത്തികവർഷത്തെ വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തു പണികളുടെ വിശദ വിവരങ്ങൾ വാല്യം-II-ൽ ക്രമനമ്പർ 1683 ക്രമനമ്പർ 2836 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും 20% വിഹിതം അനുവദിച്ചതുമായ **കാഞ്ഞിരംകുളം ഗവ: ആശുപത്രി പുതിയ ബ്ലോക്ക് നിർമ്മാണം, പൂവ്വാർ C.H.C.-യിൽ ലാബും ഫാർമസിയും എക്സ്റേ യൂണിറ്റും സ്ഥാപിക്കൽ** എന്നീ പ്രവൃത്തികൾക്ക് പകരമായി **"കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ പുത്തളം പാലം നിർമ്മാണം", "പൂവ്വാർ ഗ്രാമപഞ്ചായത്തിലെ ചെക്കടി കല്ലിംഗ വിളാകം റോഡ്", "മുക്കോല നെല്ലിക്കുന്ന് റോഡ്, പെരിങ്ങമ്മല-മംഗലത്തുകോണം റോഡ് BM&BC നിലവാരത്തിൽ ഉയർത്തൽ"** എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെട്ട 95 ലക്ഷം രൂപ വകയിരുത്തി 20% പ്രൊവിഷൻ അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കിയ **"കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ പുത്തളം പാലം നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച തുക **തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി** ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന കോവളം എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (2 ) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ഭേദഗതി പ്രവൃത്തികളുടെ പേര് | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക |
|---|---|---|
| കല്ലിയൂർ ഗ്രാമപഞ്ചായത്ത് - പൂങ്കുളം - കാറോട്ടുകോണം - ആനക്കുഴി - ചാനൽക്കര റോഡ് | 35 ലക്ഷം | 7,00,000 |
| ബാലരാമപുരം ഗ്രാമപഞ്ചായത്ത് - വില്ലിക്കുളം - കാറാത്തല - പുത്രക്കാട് -തേമ്പമുട്ടം | 30 ലക്ഷം | 6,00,000 |
| പൂവ്വാർ ഗ്രാമപഞ്ചായത്ത് - അരുമാനൂർ M.V.H.S.S.-പഴയാറ്റിൻ കര റോഡ്- | 30 ലക്ഷം | 6,00,000 |

**3)** അതിനാൽ ടി പ്രവൃത്തികളിൽ ഉൾപ്പെട്ട **"പൂവ്വാർ ഗ്രാമപഞ്ചായത്ത് - അരുമാനൂർ M.V.H.S.S. പഴയാറ്റിൻ കര റോഡ്"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിയിരിക്കുന്ന തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **'പൂവ്വാർ ഗ്രാമപഞ്ചായത്ത് - അരുമാനൂർ M.V.H.S.S. പഴയാറ്റിൻ കര റോഡ്'** എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)**' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4) ധനകാര്യ വകുപ്പ്. (E:3315250/DEV-3/302/2025-Fin dated 06.11.2025) (AS/ LGD/25/47491)
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7) കരുതൽ ഫയൽ.(DB2/777/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 07-11-2025 10:46:14
സെക്ഷൻ ഓഫീസർ